അതിന്റെ നിർമ്മാണോദ്ഘാടനം 3-1-2006-ൽ നടത്തിയിട്ടുമുണ്ട്. പ്രസ്തുത പ്രവർത്തിക്ക് ദർഘാസ് ക്ഷണിച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ട്.

അഴീക്കൽ തുറമുഖ വികസനം

128 [585] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രവർത്തിക്ക് ഇപ്പോൾ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ;

(സി) അഴീക്കൽ തുറമുഖത്തേക്ക് ലക്ഷദ്വീപിൽ നിന്ന് ചരക്കിറക്കുന്നത് സംബന്ധിച്ച് നടത്തിയ ചർച്ചകളുടെ പുരോഗതി വിശദമാക്കുമോ ;

(ഡി) അഴീക്കൽ തുറമുഖത്തിൽ ബ്രേക്ക് വാട്ടർ നിർമ്മാണം, ഡ്രഡ്ജിംഗ് എന്നീ പ്രവർത്തികളുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

എ) ഉണ്ട്.

(ബി) അഴീക്കൽ തുറമുഖ വികസനത്തിന്റെ ഭാഗമായി ഒന്നാം ഘട്ട വികസന ത്തോടനുബന്ധിച്ച് 226.2 മീറ്റർ നീളമുള്ള വാർഫിന്റേയും അനുബന്ധ സൗകര്യങ്ങളു ടേയും വികസനത്തിനായി 825 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പദ്ധതി യ്ക്കായി ജി. ഒ. (ആർ.റ്റി.) നമ്പർ 555/05/മ.തു.വ. നമ്പരിൽ 15-11-2005-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവർത്തി ഉടനെ ആരംഭിക്കുന്നതാണ്.

(സി) അഴീക്കൽ തുറമുഖത്ത്, ലക്ഷദ്വീപിലേക്കും തിരിച്ചുമുള്ള കപ്പലുകൾക്ക് ബർത്ത് സൗകര്യം ഒരുക്കുന്നതിനുവേണ്ടി ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ചകൾ നടന്നിരുന്നു. പക്ഷേ ദീർഘകാലമായി അവരിൽ നിന്നും യാതൊരു വിവരവും ലഭിക്കുന്നില്ല.

(ഡി) അഴീക്കൽ തുറമുഖത്ത് 24 ലക്ഷം രൂപ ചെലവിൽ 20,000 ക്യൂബിക് മീറ്റർ ഡ്രഡ്ജിംഗ് 2005-06-ൽ നടത്തിയിട്ടുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം ഉടനെ പൂർത്തിയാകുന്നതാണ്. ബ്രേക്ക് വാട്ടർ നിർമ്മാണം പൂർത്തിയാകുന്നതനുസരിച്ച് കൂടുതൽ ഡ്രഡ്ജിംഗ് പ്രവർത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സഹകരണ വകുപ്പിലെ പരിഷ്ക്കാരങ്ങൾ

129 [586] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക മേഖലയുടെ വികസനത്തിനായി സഹകരണ പ്രസ്ഥാനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly